ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടറേറ്റ്, തിരുവനന്തപുരം
**dtekerala@gmail.com 04712561307**

സാങ്കേതിക വിദ്യാഭ്യാസം ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ശ്രീ. അനിൽ.പി, സീനിയർ സൂപ്രണ്ട്, സർക്കാർ പോളിടെക്നിക്ക് കോളേജ്, പുറപ്പുഴ - ക്രിമിനൽ കേസിൽ തടങ്കൽ -സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ഡി)വിഭാഗം

ഇഡി1/**3119/2026**/ഡിടിഇ തിരുവനന്തപുരം **22-04-2026**

---

വായനഃ- **19.04.2026** തീയതിയിലെ ഗാന്ധി നഗർ പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ **250/TDR/2026GNR PS** നമ്പർ റിപ്പോർട്ട് .

**ഉത്തരവ്**

പുറപ്പുഴ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ജോലി നോക്കുന്ന സീനിയർ സൂപ്രണ്ട് ശ്രീ. അനിൽ. പി **KSRTC** ബസ്സിൽ വച്ച് **16.04.2026** തീയതിയിൽ **21** വയസ്സുള്ള ഒരു പെൺകുട്ടിക്കെതിരെ ലൈംഗികാതിക്രമം നടത്തിയതുമായി ബന്ധപ്പെട്ട് ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ **526/2026** ആയി രജിസ്റ്റർ ചെയ്യുകയും ടിയാനെ അറസ്റ്റ് ചെയ്തു റിമാൻഡ് ചെയ്തു **17.04.2026** മുതൽ കോട്ടയം ജില്ലാ ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതായും വായന പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു .

ശ്രീ. അനിൽ. പി മുൻ കാലങ്ങളിൽ ജോലി നോക്കിയ സ്ഥാപനങ്ങളിലും ഓഫീസ് ജീവനക്കാരോടുള്ള പെരുമാറ്റ ദൂഷ്യം മൂലം സസ്പെൻഷൻ നല്കുകയും ടിയാനെതിരെ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുകയും ശിക്ഷ നൽകുകയുമുണ്ടായിട്ടുണ്ട്. കൂടാതെ പോലീസ് കേസും അത് മുഖാന്തിരം ഉണ്ടായിട്ടുണ്ട്.

മേൽ പറഞ്ഞ സാഹചര്യത്തിൽ ടിയാനെ സ്ഥാപനത്തിൽ നില നിറുത്തി കൊണ്ട് ഒരു അന്വേഷണം നടത്തി നടപടികളിൽ കടക്കുവാൻ ബുദ്ധിമുട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ സ്ത്രീത്വത്തെ അപമാനിക്കുന്ന മേൽ പറഞ്ഞ

വിഷയത്തിലെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് വായനയിലെ റിപ്പോർട്ടിനെ വെളിച്ചത്തിൽ, പുറപ്പുഴ സർക്കാർ പോളിടെക്‌നിക്ക് കോളേജിലെ സീനിയർ സൂപ്രണ്ട് അനിൽ.പി (പെൻ - 197252) യെ, 1960 - ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ ഭാഗം IV ചട്ടം 10 പ്രകാരം, വകുപ്പ് തല അന്വേഷണ നടപടികൾക്ക് വിധേയമായി തടങ്കലിലായ 17.4.2026 മുതൽ വേലവിലക്ക് ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഭാഗം 1, കേരള സർവ്വീസ് ചട്ടങ്ങൾ 55 പ്രകാരം ടി വേലവിലക്ക് കാലയളവിൽ അനുവദനീയമായ ഉപജീവനബത്തക്ക് ടിയാന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്
1.പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്‌നിക്ക് കോളേജ്. പുറപ്പുഴ (ഡിടിഇ വെബ് സൈറ്റ് വഴി)
2.അനിൽ.പി. സീനിയർ സുപ്രണ്ട്, സർക്കാർ പോളിടെക്‌നിക്ക് കോളേജ്. പുറപ്പുഴ (സ്ഥാപന മേധാവി വഴി)
3. അക്കൌണ്ടൻറ് ജനറൽ, അക്കൌണ്ടൻറ് ജനറലിൻ്റെ കാര്യാലയം,തിരുവനന്തപുരം
4.ഇ - ഓഫീസ് കരുതൽ സഞ്ചയം
പകർപ്പ്
സി.എ, ഡയറക്ടർ

Digitally signed by
Jayaprakash P
Date: 22-04-2026
13:31:23